**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **23-07-2021 - ൽ മറുപടിയ്ക്ക്**

**വയനാട്ടിലെ മരംമുറി അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ വയനാട് മുട്ടിൽ നിന്നും മരം മുറിച്ച് കടത്തിയത് സംബന്ധിച്ച അന്വേഷണത്തിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ വയനാട് മുട്ടിൽ നിന്നും മരം മുറിച്ച് കടത്തിയത് അന്വേഷിച്ച് നിയമ പ്രകാരം നടപടി സ്വീകരിക്കാൻ വനം വകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2248 തേക്ക്മരങ്ങളിൽ നിന്നും 171 ഈട്ടി മരങ്ങൾ നിന്നുമായി 1612.121 ക്യൂബിക് മീറ്റർ തേക്ക് തടികളും 327.584 ക്യൂബിക് മീറ്റർ വീട്ടിതടികളും നീക്കം ചെയ്തതായും അവയിൽ 1263.622 ക്യൂബിക് മീറ്റർ തേക്ക് തടികളും 47.435 ക്യൂബിക് മീറ്റർ ഈട്ടിത്തടികളും പിടിച്ചെടുത്തതായും റിപ്പോർട്ടിലുണ്ട്. ആയതിന് സുമാർ 1441.751 ലക്ഷം രൂപ വിലയുള്ള തടികളിൽ 844.889 ലക്ഷം രൂപയുടെ തടികൾ പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിനെ കുറ്റപ്പെടുത്തി വനം വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും, ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ1 - 3896/21 തീയതി 28.06.2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. കൂടുതൽ വനം ജീവനക്കാർക്ക് അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് വീഴ്ചയുണ്ടെന്ന് കണ്ടെത്തിയാൽ കർശന ശിക്ഷാ നടപടി യഥാവിധി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ